# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 777 — 29/11/2018 ൽ മറുപടിക്ക്

**പമ്പാതീരത്തെ പുനർ നിർമ്മാണം**

ചോദ്യം — മറുപടി

ശ്രീ.അടൂർ പ്രകാശ്
ശ്രീ.കെ.മുരളീധരൻ
ശ്രീ.കെ.സി.ജോസഫ്
ശ്രീ.വി.എസ്.ശിവകുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രളയത്തിൽ തകർന്ന പമ്പാതീരത്തെ പുനർനിർമ്മിക്കുന്നതിൽ സർക്കാരും ദേവസ്വംബോർഡും ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | ഭാഗീകമായി തകർന്ന ടോയ് ലെറ്റുകൾ, കെട്ടിടങ്ങൾ, റോഡുകൾ, വിവിധ ഗോഡൗണുകൾ, തകർന്ന പൈപ്പ്ലൈനുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ പുനർനിർമ്മിച്ച് പ്രവർത്തന സജ്ജമാക്കി. |
| (ബി) | ഏതെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കുവാനുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | പമ്പാ നദിയുടെ സംരക്ഷണ ഭിത്തിയും റസ്റ്റോറന്റ് ബ്ലോക്കിന്റെ പുനർനിർമ്മാണ പ്രവൃത്തികളുമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. |
| (സി) | പ്രളയം കഴിഞ്ഞ് മൂന്നുമാസം കഴിഞ്ഞിട്ടും പമ്പാതീരത്തെ പുനർനിർമ്മാണം പൂർത്തീകരിക്കാനാകാത്തത് മണ്ഡല മകര വിളക്ക് കാലത്ത് ശബരിമല ദർശനത്തിനെത്തുന്ന ലക്ഷക്കണക്കിന് ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | പമ്പാ തീരത്ത് കേടുപാടുകൾ സംഭവിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലയ്ക്കൽ ബേസ് ക്യാമ്പാക്കി മാറ്റുന്ന സാഹചര്യത്തിൽ മറ്റ് സ്ഥിരമായ നിർമ്മാണ പ്രവർത്തനങ്ങളൊന്നും ഈ പ്രദേശത്ത് നടത്തേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. നിലയ്ക്കലിൽ ആവശ്യമായ വിരി, ടോയ് ലെറ്റ്, കുടിവെള്ള സൗകര്യങ്ങൾ, വാഹന പാർക്കിങ് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഭക്തരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് അടിയന്തരമായി കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ